**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 170** **01-07-2026-ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി നിർവഹണത്തിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും മുഖ്യമന്ത്രി അധ്യക്ഷനായി ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികളുടെ പുരോഗതിയും പൂർത്തീകരണവും കൃത്യമായി നിരീക്ഷിക്കുന്നതിനുമായി മുഖ്യമന്ത്രി അധ്യക്ഷനായും വ്യവസായ മന്ത്രി ഉപാധ്യക്ഷനായും ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ രൂപീകരിക്കുന്നതാണ്. പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിനാവശ്യമായ മാർഗനിർദ്ദേശവും ഏകോപനവും നൽകുന്നതിനും, സംസ്ഥാനത്തിന്റെ നിക്ഷേപ പ്രോത്സാഹന സംവിധാനങ്ങളിൽ കൂടുതൽ പ്രൊഫഷണലിസം ഉറപ്പാക്കുന്നതിനുമാണ് കൗൺസിൽ രൂപീകരിക്കുന്നത്.

**(ബി)** ഇൻവെസ്റ്റ് കേരളം എന്ന പേരിൽ നിക്ഷേപ സമാഹരണത്തിനായി പ്രത്യേക സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് നിക്ഷേപ സമാഹരണം കാര്യക്ഷമമാക്കുന്നതിനായി ഡാറ്റാ അധിഷ്ഠിതമായി "ഇൻവെസ്റ്റ് കേരളം" എന്ന പേരിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതാണ്. നിക്ഷേപകർക്ക് ആവശ്യമായ ഭൂമി, നിയമപരമായ വിവിധ അനുമതികൾ, നിക്ഷേപാനന്തര പിന്തുണ എന്നിവ ഓരോ ഘട്ടത്തിലും ഉറപ്പാക്കുന്ന ഏകജാലക സംവിധാനമായിരിക്കും ഈ സെൽ. ഭൂമി ലഭ്യതയും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും, നിക്ഷേപത്തിന് തയ്യാറായ പദ്ധതികളുടെ ഒരു നിര (പൈപ്പ്ലൈൻ) രൂപപ്പെടുത്തുന്നതിനും, മുൻഗണനാ

മേഖലകളിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിനും ഈ സംവിധാനം സഹായകരമാകും.

**(സി)** പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രോട്ടോക്കോൾ നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രോട്ടോക്കോൾ മാർഗരേഖയായി നടപ്പിലാക്കും. പദ്ധതികളുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ ഭൂമി, അനുമതികൾ, നിക്ഷേപാനന്തര പിന്തുണ എന്നിവ ഉറപ്പാക്കുന്നതിനും പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനും ഈ പ്രോട്ടോക്കോൾ പ്രയോജനപ്പെടും. ഇതുവഴി നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും, തൊഴിൽ സൃഷ്ടി, വ്യാവസായിക വൈവിധ്യവൽക്കരണം, സാങ്കേതികവിദ്യ കൈമാറ്റം, സുസ്ഥിര സാമ്പത്തിക വളർച്ച എന്നിവയ്ക്ക് ഉത്തേജനം നൽകുകയും ചെയ്യും.

**സെക്ഷൻ ഓഫീസർ**